B

# സമഗ്ര ശിക്ഷ, കേരളം

503

## വാർഷിക മൂല്യനിർണയം 2018–19

ക്ലാസ് : 5 — **ഗണിതം** — സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
2. തന്നിരിക്കുന്ന 7 മൂല്യനിർണയ പ്രവർത്തനങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1 – വരകൾ ചേരുമ്പോൾ**

രശ്മി തന്റെ കൈവശമുള്ള ചരട് ഉപയോഗിച്ച് വ്യത്യസ്ത ചതുരങ്ങളുണ്ടാക്കി കളിക്കുകയാണ്.

എ) രശ്മി ഉണ്ടാക്കിയ രൂപങ്ങൾ എല്ലായ്പ്പോഴും ചതുരമാണെന്ന് സമർഥിക്കാവുന്ന പ്രസ്താവന ഏത്?

a. 4 മട്ടങ്ങളുണ്ട്.

b. ഒരു ജോടി എതിർവശം തുല്യം.

c. രണ്ടു ജോടി എതിർവശം തുല്യം.

d. ഒരു കോൺ മട്ടകോൺ ആണ്.

ബി) നീളം 7 സെ.മീ., വീതി 5 സെ.മീ. ഉള്ള ഒരു ചതുരമാണ് രശ്മി ചരടുപയോഗിച്ച് ഉണ്ടാക്കിയത് എങ്കിൽ ചരടിന്റെ ആകെ നീളം എത്ര?

സി) ഈ ചരട് ഉപയോഗിച്ച് എല്ലാ വശവും തുല്യമായ ചതുരമുണ്ടാക്കിയാൽ ഒരു വശത്തിന്റെ നീളമെത്ര?

ഡി) ഈ അളവിൽ സമചതുരം വരയ്ക്കുക.

**പ്രവർത്തനം 2 – തുല്യമായി വീതിക്കാം**

ക്ഷീര കർഷകനായ ബാലു ഓരോ ദിവസവും ലഭിക്കുന്ന പാൽ തന്റെ ആവശ്യം കഴിഞ്ഞ് ബാക്കി നാലു സുഹൃത്തുക്കൾക്ക് തുല്യമായി വീതിച്ചു നൽകുന്നു.

| ദിവസം | വീതിച്ചു നൽകുന്ന പാൽ (ലിറ്ററിൽ) | ഓരോരുത്തർക്കും ലഭിച്ച പാൽ (ലിറ്ററിൽ) |
|---|---|---|
| തിങ്കൾ | 8 | $\frac{8}{4}$ |
| ചൊവ്വ | 3 | ........... |
| ബുധൻ | 5 | ........... |
| വ്യാഴം | 11 | ........... |
| വെള്ളി | 4 | ........... |


എ) പട്ടിക പൂർത്തിയാക്കുക.

ബി) ഒരു ലിറ്ററിൽ കൂടുതൽ പാൽ ഓരോരുത്തർക്കും ലഭിച്ചത് ഏതൊക്കെ ദിവസങ്ങളിലാണ്?

സി) ഒരു ലിറ്ററിൽ കൂടുതൽ ലഭിച്ച പാലിന്റെ അളവ്, എണ്ണൽ സംഖ്യയായോ എണ്ണൽ സംഖ്യയും ഭിന്നസംഖ്യയും ചേർന്ന രൂപത്തിലായോ എഴുതുക.

**പ്രവർത്തനം 3 - സ്കൂൾ കായികമേള**

കളിമല യു.പി.സ്കൂളിൽ കായികമേളയുടെ ഭാഗമായി 100 മീറ്റർ ഹർഡിൽസ് മത്സരം നടക്കുകയാണ്. ഒന്നാം മത്സരത്തിൽ 9 മീറ്റർ അകലത്തിലാണ് ഹർഡിലുകൾ സ്ഥാപിച്ചിരിക്കുന്നത്.



രണ്ടാം മത്സരത്തിൽ 12 മീറ്റർ അകലത്തിലാണ് ഹർഡിലുകൾ ക്രമീകരിക്കുന്നത്.


എ) എങ്കിൽ രണ്ടു മത്സരങ്ങളിലും സ്റ്റാർട്ടിംഗ് പോയിന്റിൽ നിന്നും എത്ര മീറ്റർ അകലത്തിലുള്ള ഹർഡിലുകൾക്കാണ് സ്ഥാനമാറ്റം സംഭവിക്കാത്തത്?

ബി) താഴെപ്പറയുന്നവയിൽ 9 ന്റെ ഗുണിതമായി വരുന്ന സംഖ്യയേത്?

a) 73 b) 135 c) 196 d) 226

**പ്രവർത്തനം 4 - പൂന്തോട്ടം**

രാജുവിന്റെ സ്കൂളിലെ ചതുരാകൃതിയിലുള്ള പൂന്തോട്ടത്തിന്റെ മാതൃകയാണ് ചിത്രത്തിൽ കൊടുത്തിരിക്കുന്നത്.




പൂന്തോട്ടത്തിന്റെ ഒരു ഭാഗത്തായി 4 മീറ്റർ നീളത്തിലും 2 മീറ്റർ വീതിയിലും ചതുരാകൃതിയിലുള്ള ഒരു ആമ്പൽ കുളവും ഉണ്ട്.

എ) പൂന്തോട്ടത്തിന്റെ ആകെ പരപ്പളവ് എത്ര ?

ബി) ആമ്പൽകുളം ഒഴികെയുള്ള ഭാഗത്തിന്റെ പരപ്പളവ് എത്ര?

സി) പൂന്തോട്ടത്തിനു ചുറ്റും ജൈവവേലി കെട്ടുന്നതിനു തീരുമാനിച്ചു. എത്ര മീറ്റർ നീളത്തിൽ ജൈവവേലി കെട്ടണം?

## പ്രവർത്തനം 5 – വിളവെടുപ്പ്

5 കർഷകർ വെള്ളരിക്ക വിളവെടുപ്പ് നടത്തിയതിന്റെ പിക്ടോ ഗ്രാഫ് താഴെകൊടുത്തിരിക്കുന്നു.

(ഒരു വെള്ളരിയുടെ ചിത്രം 100 വെള്ളരിയെ സൂചിപ്പിക്കുന്നു.)  = 100 വെള്ളരിക്ക




എ) ഏറ്റവും കുറവ് വെള്ളരി ലഭിച്ചത് ആർക്കാണ്?

ബി) ആകെ വിളവെടുത്ത വെള്ളരി എത്ര?

സി) ജാനകിക്ക് എത്ര വെള്ളരി ലഭിച്ചു?

ഡി) തുല്യ അളവിൽ വെള്ളരി വിളവെടുത്തത് ആരെല്ലാമാണ്?

ഇ) പിക്ടോഗ്രാഫ് പരിശോധിച്ച് ഒരു ചോദ്യം തയാറാക്കുക.

## പ്രവർത്തനം 6 – ഭിന്നകേളി

എ) ഒരേ വലിപ്പമുള്ള 4 വൃത്തങ്ങൾ നൽകിയിരിക്കുന്നു. അവ ഓരോന്നും ചിത്രത്തിൽ സൂചിപ്പിച്ച പോലെ തുല്യമായി ഭാഗിച്ചിരിക്കുന്നു. ഓരോ ചിത്രത്തിലും വൃത്തത്തിന്റെ എത്ര ഭാഗമാണ് ഷെയ്ഡു ചെയ്തിരിക്കുന്നത്?



1 : .................... 2 : .................... 3 : .................... 4 : ....................


ബി) ചിത്രം '2' ലും ചിത്രം '4' ലും ഷെയ്ഡു ചെയ്ത ഭാഗത്തിന്റെ തുക കണ്ടെത്തുക.

സി) ചിത്രം '1' ലും ചിത്രം '3' ലും ഷെയ്ഡു ചെയ്ത ഭാഗത്തിന്റെ തുക എത്ര?

ഡി) ചിത്രം '4' ലും ചിത്രം '3' ലും ഷെയ്ഡു ചെയ്ത ഭാഗത്തിന്റെ വ്യത്യാസം കാണുക.

## പ്രവർത്തനം 7 – അഭാജ്യഘടകങ്ങളാക്കാം

എ) 54 നെ അഭാജ്യസംഖ്യകളുടെ ഗുണനഫലമായി ചിത്രീകരിച്ചിരിക്കുന്നതിൽ വിട്ടുപോയവ പൂർത്തിയാക്കുക.




ബി) 30 നെ അഭാജ്യസംഖ്യകളുടെ ഗുണനഫലമായി ചിത്രീകരിക്കുക.

സി) 30 ന്റെയും 54 ന്റെയും അഭാജ്യഘടകങ്ങളിൽ പൊതുവായി വരുന്ന സംഖ്യകൾ ഏതൊക്കെയാണ്?